

സിപിഐ എം പാനലിന് എതിരില്ല

ചിറയിൻകീഴ്

ബി പ്രസന്നൻ (പ്രസിഡന്റ്)

ആറ്റിങ്ങൽ പ്രവാസി ക്ഷേമ വികസന സഹകരണസംഘം തെരഞ്ഞെടുപ്പിൽ സിപിഐ എം പാനൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ബി പ്രസന്നൻ (പ്രസിഡന്റ്), കെ മോഹനൻ (വൈസ് പ്രസിഡന്റ്), സുമ ജയറാം, ഷെരീഫാ ബീവി, ഷീബ ഹുസൈൻ, എം ഷാജഹാൻ, എസ് ഗോപിനാഥൻ, കെ വാമദേവൻ, എസ് നിസാർ, എൻ ഷിബു, എസ് ഷൈജു, എം അക്ബർ ഷാ, ജെ അലോഷ്യസ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

അന്താരാഷ്ട്ര നഴ്സസ് ദിനാചരണം

കോവളം

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി പ്രദേശവാസികൾക്ക് സൗജന്യതൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന അദാനി സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിൽ അന്താരാഷ്ട്ര നഴ്സസ് ദിനം ആചരിച്ചു. സിസ്റ്റർ ലൂസിയ മുഖ്യാതിഥിയായി. കൊല്ലപ്പെട്ട ഡോ. വന്ദന ദാസിനെ അനുസ്മരിച്ച് മെഴുകുതിരികൾ കത്തിച്ചു.

അദാനി ഫൗണ്ടേഷൻ വിഴിഞ്ഞം പ്രോഗ്രാം മാനേജർ സെബാസ്റ്റ്യൻ ബ്രിട്ടോ, സ്കിൽ സെന്റർ ഹെഡ് എം ജെ അനുരാഗ്, എസ് ശ്രീജിത്ത് എന്നിവർ സംസാരിച്ചു.

സെമിനാർ 18ന്

തിരുവനന്തപുരം

കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് 'നവകേരളത്തിലെ പൊലീസ്' വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു. വ്യാഴം പകൽ മൂന്നിന് തൈക്കാട് പൊലീസ് ട്രെയ്നിങ് കോളേജിൽ മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. രമേശ് ചെന്നിത്തല, ജോൺ ബ്രിട്ടാസ് എംപി, വനിതാ കമീഷൻ അധ്യക്ഷ പി സതീദേവി തുടങ്ങിയവർ സംസാരിക്കും. 25 മുതൽ 27 വരെ എറണാകുളം അങ്കമാലിയിലാണ് സംസ്ഥാന സമ്മേളനം.

ശംഭു പാൽകുളങ്ങര (വൃത്തത്തിൽ) ഡിസിസി പ്രസിഡന്റ് പാലോട് രവിക്ക് മധുരം നൽകുന്നു

ഡിസിസി ഓഫീസിൽ മധുരം നുകരാൻ നടപടി നേരിട്ട നേതാവും

തിരുവനന്തപുരം

കർണാടകത്തിലെ കോൺഗ്രസ് വിജയം ആഘോഷിക്കാൻ ഡിസിസി ഓഫീസിൽ നടത്തിയ ലഡുവിതരണത്തിൽ വനിതാ നേതാവിനോട് അപമര്യാദയായി പെരുമാറിയ ആളും. യൂത്ത് കോൺഗ്രസ് സംസ്ഥാന എക്സിക്യൂട്ടിവ് അംഗം വിവേക് എച്ച് നായരാണ് ഡിസിസി പ്രസിഡന്റ് പാലോട് രവിക്ക് ലഡുനൽകാൻ മത്സരിക്കുന്നവരുടെ കൂട്ടത്തിലുള്ളത്.

കഴിഞ്ഞവർഷം പാലക്കാട് നടന്ന യൂത്ത്കോൺഗ്രസ് സംസ്ഥാന ക്യാമ്പിനിടെ വനിതാ നേതാവിനോട് അപമര്യാദയായി പെരുമാറിയെന്ന പരാതിയിൽ സംഘടനയിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട നേതാവാണ് വിവേക് എച്ച് നായർ എന്ന ശംഭു പാൽകുളങ്ങര. ഇയാളെ കോൺഗ്രസിൽനിന്ന് സസ്പെൻഡ് ചെയ്തിരുന്നു.

അക്വാ കൾച്ചർ പ്രൊമോട്ടേഴ്സ് യൂണിയൻ ജില്ലാ സമ്മേളനം സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി എസ് പി ദീപക് ഉദ്ഘാടനം ചെയ്യുന്നു

അക്വാ കൾച്ചർ പ്രൊമോട്ടർമാരുടെ വേതനം 1000 രൂപയാക്കണം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ഫിഷറീസ് വകുപ്പിനു കീഴിൽ ജനകീയ മീൻകൃഷിയുടെയും മറ്റു പദ്ധതികളുടെയും ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ ദിവസ വേതനം 1000 രൂപയാക്കണമെന്ന് അക്വാ കൾച്ചർ പ്രൊമോട്ടേഴ്സ് യൂണിയൻ (എകെഎസിപിയു– സിഐടിയു) ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി എസ് പി ദീപക് ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ പ്രസിഡന്റ് വി അജയകുമാർ അധ്യക്ഷനായി.

സംസ്ഥാന പ്രസിഡന്റ് പി ശശികുമാർ സംഘടനാ റിപ്പോർട്ടും ജില്ലാ സെക്രട്ടറി എസ് ടി സരിത പ്രവർത്തന റിപ്പോർട്ടും എൻ എസ് ജയശ്രീ കണക്കും അവതരിപ്പിച്ചു. സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി നാലാഞ്ചിറ ഹരി, കെ എസ് പ്രസീത, ഹരിദാസ് എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: വി അജയകുമാർ (പ്രസിഡന്റ്), നികേഷ്, ജെ ബിനു (വൈസ് പ്രസിഡന്റുമാർ), എസ് ടി സരിത (സെക്രട്ടറി), സുഹൈൽ, കെ എസ് പ്രസീത (ജോയിന്റ് സെക്രട്ടറിമാർ), എൻ എസ് ജയശ്രീ (ട്രഷറർ).

ഡോക്ടറെ ആക്രമിച്ചയാൾ അറസ്റ്റിൽ

നേമം

സാംരാജ്

മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകാത്തതിന് വനിതാ ഡോക്ടറെ ആക്രമിച്ചയാൾ അറസ്റ്റിൽ. നേമം എസ്റ്റേറ്റ് പാമാംകോട് സാം നിവാസിൽ സാംരാജ് (40)ആണ് അറസ്റ്റിലായത്. ബുധനാഴ്ച തൃക്കണ്ണാപുരം പ്ലാങ്കാലമുക്കിൽ ക്ലിനിക് നടത്തുന്ന ഡോ. ആഷിലി മോണിക്ക വർഗീസിനെ ആക്രമിച്ച കേസിലാണ് അറസ്റ്റ്.

മുറിവുണ്ടായതുമായി ബന്ധപ്പെട്ട് മെഡിക്കൽ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടാണ് ഇയാൾ ഡോക്ടറെ സമീപിച്ചത്. ചെറിയ മുറിവായതിനാൽ സർട്ടിഫിക്കറ്റ് നൽകാൻ കഴിയില്ലെന്ന് ഡോക്ടർ പറഞ്ഞതോടെ ഇയാൾ ഡോക്ടറെ അസഭ്യം പറയുകയും ആക്രമിക്കുകയുമായിരുന്നു. നേമം സിഐ രഗീഷ് കുമാർ, എസ്ഐ മധുമോഹൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ഊർജസംരക്ഷണത്തിന് കുട്ടിപ്പൊലീസ്

സ്വന്തം ലേഖകൻ

വിതുര

അവധിക്കാലം ക്രിയാത്മകമായി വിനിയോഗിക്കാനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാണ് വിതുരയിലെ കുട്ടിപ്പൊലീസുകാർ. വിതുര ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളാണ് നാടിനും കുടുംബങ്ങൾക്കും ഗുണകരമായ പദ്ധതികൾ നടപ്പാക്കുന്നത്. വർധിച്ചു വരുന്ന വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായുള്ള ഊർജ സംരക്ഷണ ക്യാമ്പയിനാണ് ഇതിൽ ശ്രദ്ധേയം.

അശ്രദ്ധകൊണ്ടുള്ള വൈദ്യുത നഷ്ടം നികത്തുകയും കൃത്യമായ ആസൂത്രണത്തിലൂടെ വീടുകളിലെ വൈദ്യുതി ഉപയോഗത്തിൽ ഇളവുണ്ടാക്കി അതുവഴി വൈദ്യുതി ബില്ലിൽ കുറവു വരുത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. കേഡറ്റുകൾ സ്വന്തം വീട്ടിൽ ഉപയോഗത്തിലുള്ള വൈദ്യുത ഉപകരണങ്ങൾ തിട്ടപ്പെടുത്തുകയും ഓരോ ദിവസത്തെ വൈദ്യുതി ഉപയോഗം രേഖപ്പെടുത്തുകയുമാണ് ആദ്യഘട്ടത്തിൽ ചെയ്യുന്നത്. ഇതിനായി എനർജി കാർഡുകൾ കുട്ടികൾ തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ഓരോ മാസവും നിയന്ത്രിത വൈദ്യുത ഉപയോഗത്തിലൂടെ ഗാർഹിക വൈദ്യുത ബില്ലിൽ കുറവ് വരുത്തുന്നു. ഒപ്പം 'വൈദ്യുതി സംരക്ഷണത്തിന് കൈകോർക്കുക' എന്ന മുദ്രാവാക്യവുമായി പരിസര വീടുകളിലെത്തി ഊർജ നഷ്ടം സംഭവിക്കാതിരിക്കാനുള്ള ബോധവൽക്കരണവും നൽകുന്നുണ്ട്.

ഒരു കേഡറ്റിന് സമീപത്തുള്ള അഞ്ച് വീടുകളാണ് നിശ്ചയിച്ചിട്ടുള്ളത്. വൈകിട്ട് ആറുമുതൽ ഒമ്പതുവരെയുള്ള സമയത്ത് വൈദ്യുത ഉപയോഗം പരമാവധി കുറക്കുക, ഇസ്തിരിപ്പെട്ടി ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഈ സമയത്ത് ഉപയോഗിക്കാതിരിക്കുക, ഇടക്കിടെ ഫ്രിഡ്ജ് തുറക്കുന്നതിന് പകരം ഏതെങ്കിലും ഒരു നേരം തുറന്ന് അവശ്യ സാധനങ്ങളെല്ലാം പുറത്തെടുക്കുക, വാട്ടർ ടാങ്കിൽ വെള്ളം നിറയാനാവശ്യമായ സമയം നിരീക്ഷിച്ച് ആ സമയത്തിനുള്ളിൽ മോട്ടോർ ഓഫാക്കുക തുടങ്ങിയ നിർദേശങ്ങൾ വീട്ടുടമസ്ഥർക്ക് കേഡറ്റുകൾ നൽകുന്നു. പ്രകൃതി വിഭവങ്ങൾ പാഴാക്കാതെ ഉപയോഗിക്കാനും വരും തലമുറയ്ക്ക് കൂടി അവ ഉത്തരവാദിത്വത്തോടെ കൈമാറാനുള്ള ഉപയോഗ സംസ്കാരം വളർത്തിയെടുക്കാനുമാണ് 'ഞാനാണ് പരിഹാരം' എന്ന പ്രമേയവുമായി സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളുടെ ശ്രമം.

വിതുര ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾ വീടുകളിലെത്തി ബോധവൽക്കരണം നടത്തുന്നു

പ്രാവച്ചമ്പലത്ത് നടന്ന സംസ്ഥാന സബ് ജൂനിയർ ബാസ്കറ്റ്ബോളിൽ ആൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ തിരുവനന്തപുരം ജില്ലാ ടീം

അപകടത്തിൽ യുവാക്കൾക്ക് പരിക്ക്

കോവളം

വാഴമുട്ടം ജങ്ഷനിൽ കാർ ബൈക്കിലിടിച്ച് രണ്ടു പേർക്ക് പരിക്കേറ്റു. ഞായർ പകലുണ്ടായ അപകടത്തിൽ കാരക്കോണം ത്രേസ്യാപുരം സ്വദേശികളായ ഫെലിക്സ് (23), അഖിൽ (25) എന്നിവർക്കാണ് പരിക്ക്. ഇരുവരെയും ദേശീയ പാത അതോറിറ്റി ആംബുലൻസിൽ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചു. വട്ടിയൂർക്കാവ് സ്വദേശികൾ സഞ്ചരിച്ചിരുന്ന കാറിലെ കുഞ്ഞിനും പരിക്കേറ്റു. ഇവിടെ സിഗ്നൽ ലൈറ്റ് ഇല്ലാത്തതിനാലാണ് അപകടമെന്ന് പ്രദേശവാസികൾ പറഞ്ഞു.

പിടികിട്ടാപുള്ളികൾ പിടിയിൽ

തിരുവനന്തപുരം

നഗരത്തിലെ വിവിധ സ്റ്റേഷനുകളിൽ വധശ്രമം, അടിപിടി തുടങ്ങിയ കേസുകളിലെ പ്രതികളും പിടികിട്ടാപുള്ളിയുമായവരെ പൊലീസ് അറസ്റ്റുചെയ്തു. വെട്ടുകാട് സ്വദേശി സുജിത് എന്ന കൊച്ചു സുഭാഷിനെയും (38) കൂട്ടാളി വഞ്ചിയൂർ കവറടി സ്വദേശി വിഘ്നേഷിനെയും (21) ആണ് വലിയതുറ പൊലീസ് അറസ്റ്റുചെയ്തത്. മാധവപുരം സ്വദേശിയായ ഹരികുമാറിനെ ആക്രമിച്ച് വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലാണ് അറസ്റ്റ്. അടിപിടി, കൊലപാതകം, സ്ത്രീകൾക്ക് നേരെയുള്ള ആക്രമണം, കവർച്ച അടക്കമുള്ള കേസുകളിൽ പ്രതിയാണ് ഇവരെന്ന് വലിയതുറ പൊലീസ് പറഞ്ഞു.

വഴുതക്കാട് അലിയൻസ് ഫ്രാൻസൈസ്ഡിയിൽ സംഘടിപ്പിച്ച ചിത്രപ്രദർശനം

ഇവിടെയുണ്ട് നഗരക്കാഴ്ചകളുടെ ക്യാൻവാസുകൾ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

നഗര വൈവിധ്യത്തിന്റെ വർണക്കാഴ്ചയൊരുക്കി ചിത്രപ്രദർശനം. ശംഖുംമുഖം, ആഴിമല കടൽത്തീരം പത്മനാഭസ്വാമി ക്ഷേത്രം, ഭരണസിരാകേന്ദ്രമായ സെക്രട്ടറിയറ്റ് തുടങ്ങി തലസ്ഥാന നഗരിയുടെ വിവിധ ഭാവങ്ങൾ ക്യാൻവാസിൽ പകർത്തി. വഴുതക്കാട് അലിയൻസ് ഫ്രാൻസൈസ്ഡിയിൽ നടക്കുന്ന ചിത്രപ്രദർശനം വേറിട്ട കാഴ്ചയൊരുക്കുകയാണ്.

നഗരത്തിന്റെ ചരിത്രവും സംസ്കാരവുമെല്ലാം ചിത്രങ്ങളിലുണ്ട്. രാജ്യാന്തര കൂട്ടായ്മ അർബൻ സ്കെച്ചേഴ്സിന്റെ തിരുവനന്തപുരം ചാപ്റ്ററിലെ 30 പേരുടെ ചിത്രങ്ങളാണ് പ്രദർശനത്തിലുള്ളത്. ചിത്രകല പ്രത്യേകമായി അഭ്യസിക്കാത്തവരുടെ വരകളാണ് ഭൂരിഭാഗമെങ്കിലും നിലവാരത്തിൽ മുന്നിലാണ്. 33 ആഴ്ചയെടുത്ത് നഗരത്തിന്റെ വിവിധയിടങ്ങളിൽ ഒത്തുകൂടി വരച്ച 33 ചിത്രമുൾപ്പെടെ ആകെ 90 ചിത്രവും 20 സ്കെച്ച് ബുക്കുമാണ് പ്രദർശനത്തിനുള്ളത്.

ചിത്രകാരൻ ബി ഡി ദത്തൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. എ ആർ ജയകൃഷ്ണൻ, ശ്രീലക്ഷ്മി എന്നിവർ സംസാരിച്ചു. പ്രദർശനത്തിന്റെ ഭാഗമായി ആർട്ടിസ്റ്റ് ഹരികുമാറിന്റെ നേതൃത്വത്തിൽ വാട്ടർ കളർ ഡെമോൺസ്ട്രേഷനും നടന്നു. പ്രദർശനം ഞായറാഴ്ച സമാപിച്ചു.

മുട്ടട വാർഡ് ഉപതെരഞ്ഞെടുപ്പ്

ബൂത്ത് കൺവൻഷനുകൾ സജീവം

പേരൂർക്കട

തിരുവനന്തപുരം നഗരസഭാ മുട്ടട വാർഡ് ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർഥിയുടെ ബൂത്ത് കൺവൻഷനുകൾ തുടരുന്നു. ഒന്നാം ബൂത്ത് കൺവൻഷൻ ഡെപ്യൂട്ടി മേയർ പി കെ രാജു ഉദ്ഘാടനം ചെയ്തു. എൻസിപി നേതാവ് മന്മധൻ അധ്യക്ഷനായി. സ്ഥാനാർഥി അജിത് രവീന്ദ്രൻ സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം സി ജയൻബാബു, ജില്ലാ കമ്മിറ്റി അംഗങ്ങളായ കെ ശശാങ്കൻ, വി അമ്പിളി, സിപിഐ ജില്ലാ കൗൺസിൽ അംഗം പി എസ് നായിഡു, ബൂത്ത് സെക്രട്ടറി സുനിൽ കുമാർ, വാസുദേവ കുറുപ്പ് തുടങ്ങിയവർ സംസാരിച്ചു.

രണ്ടാം ബൂത്ത് കൺവൻഷൻ വി കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ശങ്കരൻ അധ്യക്ഷനായി. സിപിഐ സംസ്ഥാന കൗൺസിൽ അംഗം കെ ദേവകി, സിപിഐ എം ജില്ലാ കമ്മിറ്റിയംഗം ഇ ജി മോഹനൻ, കവടിയാർ ധർമൻ, കെ ജയചന്ദ്രൻ എന്നിവർ സംസാരിച്ചു.

നാലാം ബൂത്ത് കൺവൻഷൻ മേയർ ആര്യ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. രാധാകൃഷ്ണൻ അധ്യക്ഷനായി. സിപിഐ എം ജില്ലാ കമ്മിറ്റി അംഗങ്ങളായ വി എസ് പത്മകുമാർ, എസ് എസ് രാജലാൽ, വാർഡ് സെക്രട്ടറി എൽ ജോസഫ് വിജയൻ, ടി മോഹനൻ, എം എസ് കസ്തൂരി, ടിറ്റു എന്നിവർ സംസാരിച്ചു. മൂന്നാം ബൂത്ത് കൺവൻഷൻ തിങ്കളാഴ്ച സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം ഡോ. ടി എം തോമസ് ഐസക് ഉദ്ഘാടനം ചെയ്യും.

പറക്കും കിക്ക്: കാര്യവട്ടം എൽഎൻസിപിഇ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന നാഷണൽ ഫുൾകോൺടാക്ട് കരാട്ടെ ടൂർണമെന്റിൽ നിന്ന്

ശുചീകരണം ഇന്ന്

തിരുവനന്തപുരം

സിപിഐ എം വഞ്ചിയൂർ ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗവ. ആയുർവേദ കോളേജിൽ തിങ്കൾ രാവിലെ എട്ടിന് ശുചീകരണം ആരംഭിക്കും. സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്യും.

ചാനൽ സിനിമ

കൈരളി
6.30 ഗൂഗ്ലി
9.00 പുലി
12.00 ബുക്ക് ഓഫ് മിത്തിക്കൽ ബീസ്റ്റ്സ്
4.00 കളക്ടർ
6.30 പാണ്ഡ്യനാട്
10.00 പയ്യാ

വി
7.00 വക്കീൽ വാസുദേവ്
10.00 ആര്യ
3.00 വല്ല്യേട്ടൻ
6.00 സമ്മർ ഇൻ ബത്‌ലഹേം
9.00 സ്വാമി അയ്യപ്പൻ
11.30 ഒരിക്കൽക്കൂടി

ഏഷ്യാനെറ്റ്
9.30 വെട്ടം

ഏഷ്യാനെറ്റ് പ്ലസ്
5.30 ഇടനാഴിയിൽ ഒരു കാലൊച്ച
9.30 എന്റെ സൂര്യപുത്രിക്ക്
3.00 വർണ്ണപകിട്ട്

ഏഷ്യാനെറ്റ് മൂവീസ്
7.00 മരുഭൂമിയിലെ ആന
10.00 ആറാംതമ്പുരാൻ
1.00 അടികപ്യാരേ കൂട്ടമണി
4.00 വിനോദയാത്ര
7.00 നോഷാക്ക്

സൂര്യ
8.30 നാറാണത്ത് തമ്പുരാൻ
2.30 ഹൗ ഓൾഡ് ആർ യു

സൂര്യ മൂവീസ്
7.00 ദശാവതാരം
10.00 ത്രിവേണി
1.00 കാഴ്ച
4.00 അഗ്നിനക്ഷത്രം
7.00 ഫയർമാൻ
10.00 തൃശ്ശിവപേരൂർ ക്ലിപ്തം

എസിവി
9.00 ചീനവല
2.00 അമൃതം ഗമയ
9.30 ഡാനി

ഹോട്ടൽ ജീവനക്കാരന് മർദനം

കഴക്കൂട്ടം

ഹോട്ടൽ ജീവനക്കാർ തമ്മിൽ നടന്ന തർക്കത്തെ തുടർന്ന് ഒരാളെ മർദിച്ച കേസിൽ മൂന്നു പേരെ കഴക്കൂട്ടം പൊലീസ് അറസ്റ്റു ചെയ്തു. പത്തനംതിട്ട സ്വദേശികളായ അനൂപ് (27), അനീഷ് (30), പുനലൂർ സ്വദേശി ആന്റോ (30) എന്നിവരെയാണ് അറസ്റ്റു ചെയ്തത്. ഹോട്ടലിനെ ഒരു ജീവനക്കാരനെ പിരിച്ചു വിട്ടതുമായി ബന്ധപ്പെട്ട് വാക്കേറ്റവും കൈയേറ്റവും നടന്നു. വർക്കല നടയറ സ്വദേശി അജിമോനെ (30) ഇവർ മർദിച്ചു. മർദനത്തിൽ വാരിയെല്ലിനു പൊട്ടലുള്ള അജിമോൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

മൊബൈൽ മോഷണം പ്രതി പിടിയിൽ

കോവളം

വിജിൻ

പള്ളിത്തുറയിലെ വീട്ടിൽനിന്ന് ഞായറാഴ്ച പുലർച്ചെ രണ്ടു മൊബൈൽ മോഷ്ടിച്ച പ്രതി പിടിയിലായി. പുതിയതുറ സ്വദേശി ലൂർദുപുരത്ത് വാടകയ്ക്ക് താമസിക്കുന്ന വിജിനാ (22)ണ് അറസ്റ്റിലായത്. മോഷ്ടിക്കപ്പെട്ട ഫോണുകളിലൊന്ന് ഓഫ് ചെയ്യാൻ മറന്നതിനാൽ പ്രതിയെ പിടികൂടാൻ പൊലീസിന് എളുപ്പമായി. ടവർ ലൊക്കേഷൻ കണ്ടെത്തി പൊലീസ് കള്ളനെ പിടികൂടുകയായിരുന്നെന്ന് വിഴിഞ്ഞം എസ്ഐ ജി വിനോദ് അറിയിച്ചു. ഇയാളുടെ പക്കൽ രണ്ടു മൊബൈൽ ഫോൺകൂടി ഉണ്ടായിരുന്നു. ചൊവ്വര ഭാഗത്തെ വീട്ടിൽനിന്ന് മോഷ്ടിച്ചതാണ് ഇതെന്ന് ഇയാൾ പൊലീസിനോട് പറഞ്ഞു. വിജിൻ നേരത്തേയും സ്റ്റേഷൻപരിധിയിൽ മൊബൈൽ ഫോൺ മോഷണം, പോക്സോ കേസുകളിൽ പ്രതിയായിരുന്നെന്നും പൊലീസ് അറിയിച്ചു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

എംഡിഎംഎയുമായി ഓട്ടോ ഡ്രൈവർ പിടിയിൽ

കഴക്കൂട്ടം

നൗഷാദ്

എംഡിഎംഎ വിൽപ്പനയ്ക്കിടെ ഓട്ടോറിക്ഷ ഡ്രൈവറെ എക്സൈസ് പിടികൂടി. മുടപുരം സ്വദേശി മുബാറക് എന്ന നൗഷാദ് (50) ആണ് പിടിയിലായത്. കഴക്കൂട്ടം എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ എസ് സുധീഷ് കൃഷ്ണയുടെ നേതൃത്വത്തിൽ മുരുക്കുംപുഴ കോഴിമട ഭാഗത്ത് നടത്തിയ വാഹന പരിശോധനയിലാണ് ഇയാൾ പിടിയിലായത്. 8.45 ഗ്രാം എംഡിഎംഎയും 21,000 രൂപയും ഇയാളിൽനിന്ന് പിടിച്ചെടുത്തു. മയക്കുമരുന്ന് കടത്താൻ ഉപയോഗിച്ച ഓട്ടോറിക്ഷയും കസ്റ്റഡിയിലെടുത്തു. ആറ്റിങ്ങൽ കോടതിയിൽ ഹാജരാക്കി റിമാൻഡുചെയ്തു.

ആക്രി വ്യാപാരം നടത്തുന്ന മുബാറക് ഓട്ടോറിക്ഷ ഡ്രൈവർ കൂടിയാണ്. ആക്രി വ്യാപാരത്തിന്റെ മറവിൽ ഇയാൾ വ്യാപകമായി ചെറുപ്പക്കാർക്ക് മയക്കുമരുന്ന് വിൽപ്പന നടത്തിവരികയായിരുന്നുവെന്ന് എക്സൈസ് പറഞ്ഞു.

ഡിഫറന്റ് ആർട് സെന്ററിൽ മാതൃദിനാഘോഷം

കഴക്കൂട്ടം

ഡിഫറന്റ് ആർട് സെന്ററിൽ മാതൃദിനാഘോഷം 'അമ്മയ്ക്കൊരുമ്മ' വേറിട്ട അനുഭവമായി. നർത്തകി താരാകല്യാൺ ഉദ്ഘാടനം ചെയ്തു. മാതൃത്വത്തിന്റെ സന്ദേശം പകരുന്ന നൃത്താവിഷ്കാരം അവതരിപ്പിച്ചു. മജീഷ്യൻ ഗോപിനാഥ് മുതുകാട് പങ്കെടുത്തു. ഡിഫറന്റ് ആർട് സെന്ററിലെ അമ്മമാരും കുട്ടികളും ചേർന്ന് അവതരിപ്പിച്ച ഗാനവും അമ്മമാരുടെ നൃത്തവും ആഘോഷത്തിന് മാറ്റുകൂട്ടി.

കരാത്തെ ടൂർണമെന്റ്

കഴക്കൂട്ടം

ഫിറ്റ് ഇന്ത്യയുടെ ഭാഗമായി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും നെഹ്റു യുവകേന്ദ്രയും ഫുൾ കോൺടാക്റ്റ് കരാത്തെ ഓർഗനൈസേഷനും ചേർന്ന് കാര്യവട്ടം എൽഎൻസിപിഇയിൽ സംഘടിപ്പിച്ച നാഷണൽ ഫുൾ കോൺടാക്റ്റ് കരാത്തെ ടൂർണമെന്റ് ഗതാഗതമന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. എൽഎൻസിപിഇ പ്രിൻസിപ്പൽ ഡോ. ജി കിഷോർ കുമാർ അധ്യക്ഷനായി, ഷിഹാൻ, മുഹമ്മദ് നിസാം, അരുൺകുമാർ, സി കെ സെൻസയി ഷമീർ, മനോഷ് കർണ എന്നിവർ സംസാരിച്ചു.

സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ1 നേടിയ ശ്രീയ എസ് നിരിഷ്. (വട്ടിയൂർക്കാവ് സരസ്വതീ വിദ്യാലയം)

സ്വകാര്യ ബസ് ഡ്രൈവറെ ആക്രമിച്ച പ്രതികൾ അറസ്റ്റിൽ

തിരുവനന്തപുരം

സുധീഷ്

അബ്ദുൾ ഹക്കീം

യാത്രാ സമയവുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് സ്വകാര്യ ബസ് ഡ്രൈവറെ ആക്രമിച്ച പ്രതികൾ അറസ്റ്റിൽ. മറ്റൊരു ബസിലെ ജീവനക്കാരായ വെങ്ങാനൂർ കട്ടച്ചാൻകുഴി സ്വദേശി സുധീഷ് (38), തിരുമല കുഞ്ചാലുംമൂട് സ്വദേശി അബ്ദുൾ ഹക്കീം (28) എന്നിവരെയാണ് വഞ്ചിയൂർ പൊലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞയാഴ്ചയാണ് കേസിന് ആസ്പദമായ സംഭവം. തർക്കത്തെ തുടർന്ന് ബസ് ഡ്രൈവറായ ബാലകൃഷ്ണനെ തകരപ്പറമ്പിൽ വച്ച് പ്രതികൾ ഇന്റർലോക്ക് കട്ട ഉപയോഗിച്ച് തലയ്ക്ക് അടിക്കുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ബസ് ജീവനക്കാരായ സുധീഷിനെയും അബ്ദുൾ ഹക്കീമിനെയും അറസ്റ്റ് ചെയ്തത്. ശംഖുംമുഖം എസിപി ഡി കെ പൃഥിരാജിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ വഞ്ചിയൂർ എസ്എച്ച്ഒ ഗിരിലാൽ, എസ്ഐമാരായ അരുൺ കുമാർ, ജസ്റ്റിൽ മോസസ്, സിപിഒ ജോസ്, ഭരത് എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

അയൽവാസിയെ വീട്ടിൽക്കയറി ആക്രമിച്ചയാൾ അറസ്റ്റിൽ

കോവളം

നിസാബ് മൊയ്തീൻ

അയൽവാസിയെ വീട്ടിൽക്കയറി ആക്രമിച്ച പൂവാർ കല്ലിംഗവിളാകം കാട്ടുപ്ലാവ് നിഷ മൻസിലിൽ 75 എന്ന് വിളിക്കുന്ന നിസാബ് മൊയ്തീൻ(33) നെ പൂവാർ പൊലീസ് അറസ്റ്റ് ചെയ്തു. കല്ലിംഗവിളാകം തൈപ്പലം വീട്ടിൽ തങ്കരാജനെയും ഭാര്യയെയുമാണ് കഴിഞ്ഞ 12ന് ഇയാൾ വീട്ടിൽ കയറി ആക്രമിച്ചത്. അടുത്തകാലത്ത് തങ്കരാജന്റെ വീട്ടിൽ വളർത്തിയിരുന്ന പശുക്കൾ മോഷണം പോയിരുന്നു. ഇതേത്തുടർന്ന് പൊലീസിന് നൽകിയ പരാതിയിൽ നിസാബ് മൊയ്തീനെയും സംശയിക്കുന്നതായി പറഞ്ഞിരുന്നു. ഈ വൈരാഗ്യത്തിലാണ് പ്രതി തങ്കരാജന്റെ വീട്ടിൽ കല്ലുമായി അതിക്രമിച്ച് കയറി ഭീഷണി മുഴക്കുകയും ചീത്ത വിളിക്കുകയും ഉടുമുണ്ടുരിഞ്ഞ് നഗ്നതാപ്രദർശനം നടത്തുകയും തങ്കരാജന്റെ ഭാര്യയെ പിടിച്ച് തള്ളുകയും ചെയ്തത്.

തങ്കരാജന്റെ പരാതിയിൽ പൂവാർ സിഐ എസ് ബി പ്രവീൺ, എസ് ഐ തിങ്കൾ ഗോപകുമാർ എന്നിവരുടെ നേതൃത്വത്തിൽ പൊലീസ് ഉദ്യോഗസ്ഥരായ പ്രസാദ്, ക്രിസ്റ്റഫർ, രതീഷ്, പ്രശാന്ത് എന്നിവർ ചേർന്നാണ് നിസാബിനെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

അമ്മമാരുടെ കൈപിടിച്ച് ലുലുമാൾ

തിരുവനന്തപുരം

മാതൃദിനത്തിൽ പത്തനാപുരം ഗാന്ധിഭവനിലെ അമ്മമാരെ ചേർത്തുപിടിച്ച് ലുലു മാൾ. മാതൃദിനത്തിൽ രാവിലെ ലുലു മാളിലെത്തിയ അമ്മമാരെ ജീവനക്കാർ ചേർന്ന് സ്വീകരിച്ചു. തുടർന്ന് ബഗ്ഗിയിലും ടോയ് ട്രെയിനിലും യാത്രചെയ്ത് മാളിലെയും ലുലു ഹൈപ്പർമാർക്കറ്റിലെയും കാഴ്ചകൾ അമ്മമാർ കണ്ടു.

ഇവർക്കായി പ്രത്യേക സിനിമാ പ്രദർശനവും ഉച്ചഭക്ഷണവും ഒരുക്കി. അമ്മമാരുടെ കലാപ്രകടനങ്ങളും നടത്തി. ലുലു ഗ്രൂപ്പ് റീജണൽ ഡയറക്ടർ ജോയ് ഷഡാനന്ദൻ മാതൃദിനാശംസ അറിയിച്ചു.

ഡിഫറന്റ് ആർട് സെന്ററിലെ മാതൃദിനാഘോഷത്തിൽനിന്ന്

ആരോഗ്യമന്ത്രിയെ നീചമായി അധിക്ഷേപിച്ച
വി ഡി സതീശനും, തിരുവഞ്ചൂരും
മഹിളാ അസോസിയേഷൻ ചാല ഏരിയ കമ്മിറ്റി നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ ധർണ

ആരോഗ്യമന്ത്രിയെ അപമാനിച്ചവർ മാപ്പുപറയണം: മഹിളാ അസോസിയേഷൻ

തിരുവനന്തപുരം

ആരോഗ്യമന്ത്രി വീണാ ജോർജിനെ അപമാനിച്ച തിരുവഞ്ചൂർ രാധാകൃഷ്ണനും വി ഡി സതീശനും മാപ്പുപറയണമെന്നാവശ്യപ്പെട്ട് അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ ചാല ഏരിയ കമ്മിറ്റി നേതൃത്വത്തിൽ പ്രതിഷേധിച്ചു. അട്ടക്കുളങ്ങരമുതൽ ഗാന്ധിപാർക്കുവരെ നടന്ന പ്രതിഷേധ ധർണ അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി എസ് പുഷ്പലത ഉദ്ഘാടനം ചെയ്തു. സ്ത്രീത്വത്തെ അപമാനിച്ച ഇരുവർക്കുമെതിരെ കേസെടുക്കണമെന്ന് അസോസിയേഷൻ ആവശ്യപ്പെട്ടു.

ജില്ലാ കമ്മിറ്റിയംഗങ്ങളായ എം ബി രശ്മി, കെ തുളസി, ഏരിയ സെക്രട്ടറി എ ഷൈന, ഏരിയ കമ്മിറ്റിയംഗങ്ങളായ പി ഗീത, ഫാത്തിമ ബീവി, ഗീത, എൻ ഉഷ തുടങ്ങിയവർ സംസാരിച്ചു.

ഇന്നത്തെ പരിപാടി

പ്രസ് ക്ലബ്: ബോബി തോമസിന്റെ പുസ്തകം എം വി ഗോവിന്ദൻ പ്രകാശിപ്പിക്കും. വൈകിട്ട് 4.00ന്.

പാളയം സെന്റ് ജോസഫ് സ്കൂൾ ഓഡിറ്റോറിയം: ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം. വി കെ മധുവിന്റെ പുസ്തകം ഡോ. തോമസ് ഐസക് പ്രകാശിപ്പിക്കും. വൈകിട്ട് 4.30

പുത്തരിക്കണ്ടം: കുടുംബശ്രീ രജതജൂബിലി ആഘോഷം. പകൽ 10.30

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.15, 2.30, 6.00, 9.15, 11.59)

ശ്രീ
- നെയ്യർ (11.00, 6.00, 9.15)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)

നിള
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

കലാഭവൻ
- 2018 (11.30, 2.30, 6.15, 9.15, 11.59)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 – 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- നെയ്യർ (11.15, 2.15, 10.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- 2018 (11.30, 3.00, 6.30, 10.00)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
- പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- ഫർഹാന (11.00, 10.10)
- IB71 (1.45)
- EVIL DEAD (4.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഓഡി 4
- കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
- ജാനകി ജാനെ (10.30)

ഓഡി 5
- GUARDIANS OF THE GALAXY (10.15)
- 2018 (1.15, 4.30, 7.45, 11.00)

ഓഡി 6
- ജാനകി ജാനെ (10.00)
- പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

പോത്തൻകോട്

എച്ച് കെ സിനിമാസ് (0471 2715555)
- നെയ്യർ (11.15, 2.30, 6.15, 9.30)

എം ടി സിനി പ്ലക്സ് (2419515)

ടെല 1
പാച്ചുവും അത്ഭുതവിളക്കും (4 ഷോ)

ടെല 2
- EVIL DEAD RISE (11.00, 2.30, 6.30, 9.30)